**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4568** **25-06-2019 ൽ മറുപടിക്ക്**

**കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എം.എൽ.എയുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കണ്ണൂർ താലൂക്കിൽ, റീ.സ.2015 ൽപ്പെട്ട 74 സെന്റ് പുറമ്പോക്ക് ഭൂമിയിൽ കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഉപയോഗാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്നതിനായി 26/10/2018 ൽ നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ; | (എ) കണ്ണൂർ താലൂക്കിൽ, റീ.സ.205 ൽപ്പെട്ട 74 സെന്റ് ഭൂമി നേരിട്ട് പരിശോധിച്ചതിലും വില്ലേജ് റിക്കാർഡുകളുമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ടി സ്ഥലം പുഴ പുറമ്പോക്കാണെന്നും ടി സ്ഥലത്ത് പൂഴാതി സോണൽ ഓഫീസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി മണ്ണ് നിക്ഷേപിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി സ്ഥലം ഇപ്പോൾ കക്കാട് പുഴ പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഭൂസംരക്ഷണ നിയമ പ്രകാരം അളന്ന് തിട്ടപ്പെടുത്തി അഡീഷണൽ തഹസീൽദാർ നോട്ടീസ് നൽകുകയും വിചാരണ നടത്തുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പുഴയും പുറമ്പോക്ക് സ്ഥലങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നതിനാൽ കൈയ്യേറ്റം ഒഴിപ്പിക്കാൻ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി 10.12.2018 ലെ 366/യു3/2018 റവന്യൂ നമ്പർ കത്തിലൂടെ കണ്ണൂർ ജില്ലാ കളക്ടറോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നത് സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ടി വിഷയത്തിൽ കണ്ണൂർ ജില്ലാ കളക്ടറുടെ 20.06.2019 ലെ DCKNR/292/2019-L4 നമ്പർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം - I |
| (സി) ഈ വിഷയത്തിൽ കണ്ണൂർ ജില്ലാ കളക്ടറേറ്റിലുള്ള DC KNR/292/19/L4 നമ്പർ ഫയലിൽ അഞ്ച് മാസങ്ങൾക്ക് ശേഷവും സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാത്തതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; | (സി) 2019- ലോകസഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി വില്ലേജ്/താലൂക്ക് ഓഫീസ് തലത്തിൽ സമയബന്ധിതമായി ചെയ്തു തീർക്കേണ്ടിയിരുന്ന ജോലികളിൽ ഏർപ്പെട്ടതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം വന്നിട്ടുള്ളതെന്ന വിവരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) കണ്ണൂർ താലൂക്കിൽ ഈ വിഷയത്തിൽ നിലവിലുള്ള ഫയലിൽ പൂഴാതി വില്ലേജ് ഓഫീസർ ഈ ഭൂമി കക്കാട് സ്റ്റേഡിയം നിർമ്മിക്കുന്നതിനായുള്ള ഉപയോഗാനുമതി റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) ടി വിഷയത്തിൽ പ്രസ്തുത ഭൂമി കക്കാട് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഉപയോഗാനുമതി നല്കുന്നതുമായി ബന്ധപ്പെട്ട് പൂഴാതി വില്ലേജ് ഓഫീസർ സമർപ്പിച്ച 18.06.2019 ലെ 171/2019 നമ്പർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം - II |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

അനുബന്ധം-1

154

ജില്ലാ കലക്ടറുടെ കാര്യാലയം, കണ്ണൂർ
തീയ്യതി:20/06/2019
e-mail: dckr.ker@nic.in
Phone: 0497-2700645

DCKNR/292/2019-L4

പ്രേഷകൻ
ജില്ലാകലക്ടർ,
കണ്ണൂർ

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ (യു) വകുപ്പ്
ഗവ. സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- ഭൂമി അനുവദിക്കുന്നത്- കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്ക് റിസ.205 ൽപ്പെട്ട 75 സെന്റ് ഭൂമി കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നല്കുന്നത്- സംബന്ധിച്ച്

സൂചന:- 1. അങ്ങയുടെ 10.12.18 തീയ്യതിയിലെ 366/യു3/2018/റവന്യൂ നമ്പർ കത്ത്.
2. കണ്ണൂർ തഹസിൽദാരുടെ19.06.19 ലെ എഫ്-428/2019 നമ്പർ കത്ത്.

***********************

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പരിഗണനയിലുള്ള റിസ. 205 ൽ പ്പെട്ട 75 സെന്റ് ഭൂമി പുഴപുറമ്പോക്കാണെന്ന് അന്വേഷണത്തിൽ അറിവായിട്ടുണ്ട്. ടി ഭൂമിയിൽ പുഴാതി സോണൽ ഓഫീസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി മണ്ണ് നിക്ഷേപിച്ചിട്ടുള്ളതാണ്. കക്കാട് പുഴ പുറമ്പോക്ക് ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഭൂ സംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം പുഴയും പുറമ്പോക്ക് സ്ഥലങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതിനാലും, മേൽ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാലും കക്കാട് പുഴപുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിച്ച് കക്കാട് പുഴപുറമ്പോക്ക് സംരക്ഷിച്ച് നിലനിർത്തുന്നതിനായി കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. പുഴപുറമ്പോക്കിൽ ഉൾപ്പെടുന്ന ഭൂമിയായതിനാൽ തന്നെ പതിവിനു യോഗ്യമല്ലാത്തതാണ് . കക്കാട് മിനി സ്റ്റേഡിയം നിർമ്മാണത്തിന് ഉപയോഗാനുമതി നല്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഈ കാര്യാലയത്തിൽ നിന്നും നിയമപരമായി തുടർ നടപടികൾ സ്വീകരിക്കാൻ നിവൃത്തിയില്ലായെന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ആയതിനാൽ ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിക്കുവാൻ താല്പര്യപ്പെടുന്നു.

Signature valid
Digitally signed by HARIKUMAR C B
Date: 2019.06.20 [illegible]:52:40 IST
Reason: Approved

വിശ്വസ്തതയോടെ
DEPUTY COLLECTOR (LR)
ജില്ലാ കലക്ടർക്കു വേണ്ടി

Scanned by CamScanner

സെക്ഷൻ ഓഫീസർ

അനുബന്ധം-II

നം. .../2019

വില്ലേജ് ഓഫീസ്, പുഴാതി
തീയ്യതി 18.06.2019

പ്രേഷകൻ
വില്ലേജ് ഓഫീസർ
പുഴാതി

സ്വീകർത്താവ്
തഹസിൽദാർ
കണ്ണൂർ

സർ,

വിഷയം: പുഴാതി അംശം ദേശത്ത് റി.സ 205 ൽ പെട്ട പുഴ പുറമ്പോക്ക് സ്ഥലത്ത് കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതു അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: 1) അങ്ങയുടെ റഫ് നമ്പർ എൽഎ1-428/2019 തീയ്യതി 11.01.2019 പ്രകാരം പുറത്തെഴുത്ത് കത്ത്
2) ജില്ലാ കലക്ടറുടെ LndlDCKNR/292/2019/L4 10.01.2019 തീയ്യതിയിലെ കത്ത്

മേൽ വിഷയത്തിലേക്ക് സാദരം അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. മേൽ വിഷയത്തിൽ സൂചന നമ്പർ കത്ത് പ്രകാരം പുഴാതി അംശം ദേശത്ത് റി.സ 205 ൽ പെട്ട 74 സെന്റ് സ്ഥലം നേരിട്ട് പരിശോധിച്ചതിലും വില്ലേജ് റിക്കാർഡുകളുമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം പുഴ പുറമ്പോക്ക് സ്ഥലമാണെന്നും ടി സ്ഥലത്ത് പുഴാതി സോണൽ ഓഫീസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി മണ്ണ് നിക്ഷേപിച്ചിട്ടുള്ളതുമാണ്. കൂടാതെ ടി സ്ഥലം ഇപ്പോൾ കക്കാട് പുഴ പുറമ്പോക്ക് സ്ഥലം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഭൂസംരക്ഷണ നിയമപ്രകാരം അളന്ന് തിട്ടപ്പെടുത്തി അഡി. തഹസിൽദാർ, നോട്ടീസ് നൽകുകയും, വിചാരണ നടത്തുകയും ചെയ്തിട്ടുള്ളതാണ്. റി.സ 205 ൽ പെട്ട സ്ഥലത്തിന്റെ മൊത്തം 2.0558 ഹെക്ടറാണ്. മേൽ വസ്തു പുഴ പുറമ്പോക്ക് ആയതുകൊണ്ടു തന്നെ പതിവിന് വിധേയമല്ലാത്തതാണ്. ടി സ്ഥലത്ത് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ഉപയോഗ അനുമതിയാണ് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. ടി സർവ്വേ നമ്പറിന്റെ അടംഗൽ പകർപ്പ് സഹിതം ഇതോടൊപ്പം സമർപ്പിക്കുന്നു.

മേൽ സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

VILLAGE OFFICER
PUZHATHI

വില്ലേജ് ഓഫീസർ